**കേരള കാർഷിക സർവകലാശാല**
കാർഷിക ഗവേഷണ കേന്ദ്രം, ആനക്കയം 676 509, മലപ്പുറം (ജില്ല)
ഇ മെയിൽ–:- arsanakkayam@kau.in, ഫോൺ : 0483- 2848050

നമ്പർ : എ1–3276/2023 തിയ്യതി : 27.11.2023

## ക്വട്ടേഷൻ നോട്ടീസ്

ഈ കേന്ദ്രത്തിൽ "എസ്റ്റാബ്ലിഷ്മെന്റ് ഓഫ് സ്മാൾ നഴ്സറി ഫോർ ദ പ്രൊഡക്ഷൻ ഓഫ് എലൈറ്റ് പ്ലാന്റിംഗ് മെറ്റീരിയൽസ് ഓഫ് ഹോർട്ടികൾച്ചറൽ ക്രോപ്സ്" 2022–23 എന്ന പദ്ധതിയുടെ കീഴിൽ പുതുതായി രൂപീകരിക്കുന്ന കുരുമുളക് മാതൃതോട്ടത്തിൽ കുരുമുളക് വള്ളികൾ വളർത്താനാവശ്യമായ സമചതുരാകൃതിയിലുള്ള കോൺക്രീറ്റ് തൂണുകൾ വിതരണം ചെയ്യാൻ താല്പര്യമുള്ളവരിൽ നിന്നും മത്സരാടിസ്ഥാനത്തിലുള്ള ക്വട്ടേഷനുകൾ, താഴെ പറയുന്ന വ്യവസ്ഥകൾക്കും നിബന്ധനകൾക്കും വിധേയമായി, ക്ഷണിച്ച് കൊള്ളുന്നു.

| ക്രമ നം. | ഇനം | എണ്ണം | ആവശ്യമായ അളവ് |
|---|---|---|---|
| 1 | കോൺക്രീറ്റ് തൂൺ (സമചതുരാകൃതി) | 100 | Size : 4x4 (inches)<br>Height : 12 ft |

വ്യവസ്ഥകളും നിബന്ധനകളും

1. ക്വട്ടേഷൻ അടക്കം ചെയ്ത കവറിന് പുറത്ത് " മദർ ഗാർഡനിൽ കുരുമുളക് വള്ളി പടർത്തുവാനാവശ്യമായ കോൺക്രീറ്റ് തൂണുകൾ വിതരണം ചെയ്യുന്നതിനുള്ള ക്വട്ടേഷൻ " എന്ന് വ്യക്തമായി എഴുതി **11.12.2023** തീയ്യതി രാവിലെ 11.00 മണിക്ക് മുമ്പ് പ്രൊഫസർ & ഹെഡ്, കാർഷിക ഗവേഷണ കേന്ദ്രം, ആനക്കയം എന്ന വിലാസത്തിൽ ലഭിക്കണം.
2. നിശ്ചിത സമയപരിധിക്ക് ശേഷം ലഭിക്കുന്ന ക്വട്ടേഷനുകൾ സ്വീകരിക്കുന്നതല്ല. അന്നേ ദിവസം 11.30 മണിക്ക് ക്വട്ടേഷനിൽ പങ്കെടുക്കുന്നവരുടെ സാന്നിധ്യത്തിൽ ക്വട്ടേഷൻ തുറക്കുന്നതായിരിക്കും.
3. ഒരു കോൺക്രീറ്റ് തൂണിന് ആവശ്യമായ വിലയാണ് ക്വട്ടേഷനിൽ രേഖപ്പെടുത്തേണ്ടത്.
4. കോൺക്രീറ്റ് തൂൺ ഈ കേന്ദ്രത്തിൽ എത്തിച്ച് തരുന്നതിനുള്ള തുക പ്രത്യേകം രേഖപ്പെടുത്തണം.
5. ക്വട്ടേഷണറുടെ സ്വന്തം ഉത്തരവാദിത്തത്തിലാണ് തൂണുകൾ ഇറക്കേണ്ടത്.
6. കോൺക്രീറ്റ് തൂണുകളുടെ ഗുണനിലവാരം പരിശോധിച്ചതിനു ശേഷമേ ക്വട്ടേഷൻ തുക അനുവദിക്കുകയുള്ളൂ.
7. ഏറ്റവും കുറഞ്ഞ നിരക്കിലുള്ള ക്വട്ടേഷൻ സ്വീകരിക്കുന്നതാണ്. ഏറ്റവും കുറഞ്ഞ നിരക്കിലുള്ള ക്വട്ടേഷൻ സ്വീകരിക്കുന്നതിനോ നിരാകരിക്കുന്നതിനോ ഈ ഓഫീസ് മേധാവിക്ക് അധികാരം ഉണ്ടായിരിക്കും.
8. സർക്കാർ ക്വട്ടേഷന്റെ എല്ലാ വ്യവസ്ഥകളും നിബന്ധനകളും ഈ ക്വട്ടേഷനും ബാധകമാണ്.
9. ക്വട്ടേഷൻ സ്വീകരിക്കപ്പെടുന്ന വ്യക്തി/സ്ഥാപനം സപ്ലൈ ഓർഡർ കിട്ടി 3 ആഴ്ചക്കകം കോൺക്രീറ്റ് തൂണുകൾ എത്തിച്ചുതരേണ്ടതാണ്.

(ഒപ്പ്)
പ്രൊഫസർ & ഹെഡ്

പകർപ്പുകൾ:

നോട്ടീസ് ബോർഡ്(ഓഫീസ്/ഫാം)
ആനക്കയം പഞ്ചായത്ത് ഓഫീസ്/ആനക്കയം വില്ലേജ് ഓഫീസ്
ആനക്കയം കൃഷിഭവൻ